"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്-മെഡിക്കൽ വിദ്യാഭ്യാസം-അക്കാഡമിക്- 2023-24 അധ്യയന വർഷം മുതൽ സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് പ്രവേശനത്തിന് ബി.ഡി.എസ് ബിരുദധാരികൾക്ക് സീറ്റ് സംവരണം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ് ) വകുപ്പ്**

G.O.(Ms)No.101/2023/H&FWD തീയതി,തിരുവനന്തപുരം, 28-04-2023

പരാമർശം:-
1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 05/02/2023, 23/02/2023 തീയതികളിലെ DME/5425/2022-B1 നമ്പർ കത്തുകൾ.
2. 06/02/2023-ന് കൂടിയ 2023-24 അധ്യയന വർഷത്തെ KEAM പ്രോസ്പെക്ടസ് റീവാമ്പ് കമ്മിറ്റി തീരുമാനം.
3. പ്രവേശന പരീക്ഷ കമ്മീഷണറുടെ 18/03/2023-ലെ CEE/106/2023-TA4 നമ്പർ കത്ത്.

**ഉത്തരവ്**

ബി.ഡി.എസ് ബിരുദധാരികൾക്ക് കേരളത്തിലെ സർക്കാർ മേഖലയിലെ എം.ബി.ബി.എസ് പ്രവേശനത്തിനായി മുൻപ് നിലവിലുണ്ടായിരുന്ന സംവരണം പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ അപേക്ഷകൾ ലഭിക്കുകയുണ്ടായി. 2007 മുതൽ ബി.ഡി.എസ് ഡിഗ്രി പാസ്സായവർ പ്രസ്തുത ക്വാട്ടയ്ക്ക് അർഹത നേടാത്തതിനാലാണ് 2011-ൽ ബി.ഡി.എസ് ഡിഗ്രി പാസ്സായ വിദ്യാർത്ഥികൾക്കുള്ള എം.ബി.ബി.എസ് സീറ്റ് സംവരണം നിർത്തലാക്കിയിട്ടുള്ളതെന്നും എന്നാൽ ബി.ഡി.എസ് പാസ്സായവർക്കുള്ള എം.ബി.ബി.എസ് പ്രവേശന ക്വാട്ടയിലേയ്ക്ക് അപേക്ഷിക്കുവാൻ നിലവിൽ വിദ്യാർത്ഥികൾ ഉള്ള സാഹചര്യത്തിൽ പ്രസ്തുത ക്വാട്ട പുനഃസ്ഥാപിക്കാവുന്നതാണെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം-1 ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ, 06/02/2023-ൽ കൂടിയ 2023-24 അധ്യയന വർഷത്തെ KEAM പ്രോസ്പെക്ടസ് റീവാമ്പ് കമ്മിറ്റി മീറ്റിങ്ങിലും ബി.ഡി.എസ് ബിരുദധാരികൾക്ക് എം.ബി.ബി.എസ് കോഴ്സിൽ സീറ്റ് സംവരണം അനുവദിക്കണമെന്ന ആവശ്യം ഉയർന്ന് വരികയും ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അടിയന്തര തീരുമാനമുണ്ടാകണമെന്ന് പരാമർശം 3-ലെ കത്ത് പ്രകാരം പ്രവേശന പരീക്ഷ കമ്മീഷണറും സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി .

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശ കണക്കിലെടുത്തും, ബി.ഡി.എസ് വിഭാഗത്തിൽ

നിന്നും എം.ബി.ബി.എസ് പ്രവേശനം ആഗ്രഹിക്കുന്ന അപേക്ഷകർ നിലവിലുള്ള സാഹചര്യവും പരിഗണിച്ച് , 2023-24 അധ്യയന വർഷം മുതൽ സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് പ്രവേശനത്തിന് ബി.ഡി.എസ് ബിരുദധാരികൾക്ക് മുൻപ് നിലവിലുണ്ടായിരുന്ന ഒരു സീറ്റ് സംവരണം ഓരോ അധ്യയന വർഷവും റൊട്ടേഷൻ വ്യവസ്ഥയിൽ (from GMC, TVPM->GMC,Kollam-> GMC,Konni-> GMC,Alappuzha-> GMC,Kottayam->GMC,Idukki-> GMC,Ernakulam-> GMC,Thrissur> GMC,Manjeri->GMC,Kozhikkode->GMC Kannur) പുനഃസ്ഥാപിച്ച് ഉത്തരവാകുന്നു.

3)2023-24 അധ്യയന വർഷത്തെ അംഗീകൃത KEAM പ്രോസ്പെക്ടസിൽ മേൽപ്രകാരം അടിയന്തര ഭേദഗതി വരുത്തുവാനുള്ള നടപടികൾ ഉന്നത വിദ്യാഭ്യാസ വകുപ്പ്/മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

4)കീം 2023 -24 അധ്യയന വർഷത്തെയും തുടർന്നുള്ള അധ്യയന വർഷങ്ങളിലെ പ്രോസ്പെക്ടസുകളിലും ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അപ്രകാരം എം.ബി.ബി.എസ് പ്രവേശന നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ/പ്രവേശന പരീക്ഷ കമ്മീഷണർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MINI M**
**ADDITIONAL SECRETARY**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
പ്രവേശന പരീക്ഷ കമ്മീഷണർ,തിരുവനന്തപുരം
എല്ലാ സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജ് പ്രിൻസിപ്പാൾമാർക്കും (ഡി.എം.ഇ മുഖാന്തിരം)
മാനേജർ, പ്രവേശന മേൽനോട്ട സമിതി, വഴുതക്കാട്, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ്& ന്യൂ മീഡിയ,ഐ&പി.ആർ.ഡി,ഗവ.സെക്രട്ടേറിയറ്റ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (S3/409/2022-ആരോഗ്യം)

ഉത്തരവിൻ പ്രകാരം

Signed by
Muraleedharan Chettiyar
സെക്ഷൻ ഓഫീസർ
Date: 28-04-2023 14:22:26

പകർപ്പ് :-
ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്